# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല

## 18.04.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 11-15ന് ബഹു. പഞ്ചായത്തുവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റ് നോർത്ത് കമ്മിറ്റി ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 02.04.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1** 2012-13 പദ്ധതി കണക്കുകൾ അന്തിമമാക്കുന്നതിന് 2013 ഏപ്രിൽ 25 വരെ സമയം അനുവദിച്ചു. എന്നാൽ 2013-14-ലെ പ്രോജക്ടുകൾ സുലേഖയിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സമയം മെയ് 31 എന്നതിൽ മാറ്റമുണ്ടായിരിക്കുന്നതല്ല.

**2.2** പദ്ധതി രൂപീകരണം സംബന്ധിച്ച് സംസ്ഥാനതല അപ്പീൽ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു.

**3. പ്രത്യേക വിഷയങ്ങൾ**

**3.1 വൈക്കം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 13959/ഡി.ഡി.2/13/തസ്വഭവ)**
**തീയതി 18.04.2013**

ബ്ലോക്ക്തല ഗ്രാമ ന്യായാലയങ്ങൾ സംബന്ധിച്ച് ഭരണവകുപ്പു തലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 പാലക്കാട് നഗരസഭ (ഫയൽ നം. 74455/ഡി.സി.3/13/തസ്വഭവ)**
**തീയതി 18.04.2013**

തെരുവു വിളക്കുകളുടെ പരിപാലനം സംബന്ധിച്ച ഫയൽ ഊർജ്ജ വകുപ്പു കൂടി കാണേണ്ടതാണെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 8019/ഡി.ഡി.2/13/തസ്വഭവ)**
**തീയതി. 02.04.2013**

2012-13 പദ്ധതി വിഹിതത്തിലെ ഷോർട്ട്ഫാൾ ക്രമീകരണം ഇനി പരിഗണിക്കാൻ കഴിയുകയില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 കൊല്ലം കോർപ്പറേഷൻ (ഫയൽ നം. 19608/ഡി.സി.3/13/തസ്വഭവ)**
**തീയതി. 18.04.2013**

സ്റ്റാറ്റ്യൂട്ടറി വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ നിർദ്ദേശം പുറപ്പെടുവിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 ചിറ്റൂർ – തത്തമംഗലം നഗരസഭ (ഫയൽ നം. 1985/എഫ്.എം.3/13/തസ്വഭവ) തീയതി. 18.04.2013**

കുടിവെള്ള കണക്ഷനുവേണ്ടി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതിനാൽ നേരത്തേ നിശ്ചയിച്ച നിരക്കു പ്രകാരം നിർവഹണം നടത്താൻ വാട്ടർ അതോറിട്ടി ബാദ്ധ്യസ്ഥമായ സാഹചര്യത്തിൽ മന്ത്രി തലത്തിൽ വിഷയം ചർച്ച ചെയ്ത് പരിഹരിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പി.എൻ പണിക്കർ ഫൗണ്ടേഷൻ (തീയതി . 18.04.2013)**

കേന്ദ്ര വിഹിതം ലഭിക്കുന്ന മുറയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതത്തെക്കുറിച്ച് അലോചിക്കാവുന്നതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കുലശേഖരപുരം ഗ്രാമപഞ്ചായത്ത് (തീയതി. 18.04.2013)**

100 ശതമാനം ചെലവ് വരുത്തിയ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 5 ലക്ഷം രൂപ വീതം പ്രോത്സാഹനമായി നൽകാൻ നടപടി സ്വീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കാൻ പ്ലാനിംഗ് ബോർഡ് ആവശ്യപ്പെട്ട വിഷയങ്ങൾ (തീയതി. 18.04.2013)**

1) മെയിന്റനൻസ് ഫണ്ട് ചെലവഴിക്കുന്നതിന്റെ പരിധി സംബന്ധിച്ച് വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിച്ചു.
2) ഇ– സാക്ഷരത, നോളജ് സെന്റർ എന്നിവയ്ക്ക് 3.6 ഇനം തീരുമാനം ബാധകമാക്കി
3) എ) 01.04.2012 മുതൽ പ്രാബല്യം നൽകി തീരുമാനിച്ചു.
   (ബി) ടാക്സസ് വകുപ്പിന്റെ പരിശോധനയിലിരിക്കുന്ന വിഷയം ത്വരിതപ്പെടുത്താൻ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി .
   (സി) സംയുക്ത പ്രോജക്ട് നിർവഹണം സംബന്ധിച്ച മുൻ തീരുമാനം മാറ്റേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 നരിക്കുനി ഗ്രാമ പഞ്ചായത്ത്**
**(ഫയൽ നം. 69259/എഫ്.എം.2/12/തസ്വഭവ)തീയതി. 18.04.2013**

ഇതുവരെയുള്ള വാടക തനത് ഫണ്ടിൽ നിന്നും നൽകാൻ അനുവദിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 എടവക ഗ്രാമ പഞ്ചായത്ത് (ഫയൽ നം.12954/ഡി.ബി.3/13/തസ്വഭവ) തീയതി. 18.04.2013**

ആവശ്യങ്ങൾ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 പാലിയേറ്റീവ് കമ്മ്യൂണിറ്റി നഴ്സുമാരുടെ നിവേദനം (ഫയൽ നം.24082/ഡി.എ1/13/തസ്വഭവ)തീയതി. 18.04.2013**

ഭരണ വകുപ്പുതലത്തിൽ പരിശോധിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് (ഫയൽ നം.43626/ഡി.എ1/13/തസ്വഭവ) തീയതി. 18.04.2013**

ദൈനംദിന പ്രവർത്തനങ്ങളിൽ ചിലത് കുടംബശ്രീ പ്രവർത്തകരെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നതിന്റെ കാരണം അന്വേഷിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത് (ഫയൽ നം.75061/എ.ബി2/10/തസ്വഭവ) തീയതി. 18.04.2013**

2007-08 വാർഷിക പദ്ധതിയിലെ ഉഴവ് കൂലി സബ്സിഡി ചെലവ് സാധൂകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 പൊന്നാനി നഗരസഭ (ഫയൽ നം.20444/ഡി.സി.3/13/തസ്വഭവ) തീയതി. 18.04.2013**

ടെണ്ടർ എക്സസ് സംബന്ധിച്ച് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ പരിശോധിച്ച് ചീഫ് സെക്രട്ടറിയുടെ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 ചാലക്കുടി നഗരസഭ തീയതി. 18.04.2013**

ടെണ്ടർ എക്സസ് സംബന്ധിച്ച് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ പരിശോധിച്ച് ചീഫ് സെക്രട്ടറിയുടെ സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് തീയതി. 18.04.2013**

സമാന കോഡുകൾ ഉണ്ടോ എന്ന് പരിശോധിച്ച് അനുയോജ്യമായവ നിർദ്ദേശിക്കാനും അല്ലാത്ത പക്ഷം പുതിയ കോഡുകൾ രൂപീകരിക്കാനും ഐ.കെ.എം. നെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 22634/ഡി.ഡി2/13) തീയതി. 18.04.2013**

ജില്ലാതല അപ്പലേറ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 കുഴൽമന്ദം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 24616/13/തസ്വഭവ)**

**തീയതി. 18.04.2013**

01.04.2012 മുതൽ പ്രാബല്യം നൽകാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം. 23629/ഡി.ബി.3/13/തസ്വഭവ)**

**(തീയതി. 18.04.2013)**

കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.03.2013-ലെ ഇനം 3.17 യോഗ തീരുമാനപ്രകാരം കാസർഗോഡ് ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച് എടുത്ത തീരുമാനം കണ്ണൂർ ജില്ലാ പഞ്ചായത്തിനും ബാധകമാക്കി തീരുമാനിച്ചു. എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ടതില്ല എന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നൽകിയ നിവേദനം (തീയതി. 18.04.2013)**

പി.ഡബ്ല്യു ഡി. മാനുവൽ പ്രകാരം മെയിന്റനൻസ് എന്നതിന്റെ നിർവചനം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 കരിമ്പ ഗ്രാമപഞ്ചായത്ത്, പാലക്കാട് (തീയതി. 18.04.2013)**

തനത് ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് (തീയതി. 18.04.2013)**

വ്യക്തമായ പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് പ്ലാനിംഗ് ബോർഡിലെ പി.പി.പി. സെല്ലിന്റെ അഭിപ്രായം തേടാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് (തീയതി. 18.04.2013)**

സബ്സിഡി മാർഗരേഖ അനുസരിച്ച് ഓട്ടോറിക്ഷയ്ക്കുള്ള പരമാവധി സബ്സിഡി അനുവദിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം ഉച്ച കഴിഞ്ഞ് 12.30-ന് അവസാനിച്ചു)**